## ആറാം തീയതി / DAY - 6

# പരിശുദ്ധ കന്യകയുടെ എളിമ

"മറിയം പറഞ്ഞു, ഇതാ കർത്താവിന്റെ ദാസി!നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുൻപിൽ നിന്ന് മറഞ്ഞു" (ലൂക്ക 1:38)

ലോകപരിത്രാതാവിന്റെ ആഗമനം സമീപിച്ചു എന്നു യഹൂദവിശ്വാസികൾ മനസ്സിലാക്കിയിരുന്നു. അതിനായി പലരും തങ്ങളെത്തന്നെ ഒരുക്കിയിരുന്നു. പലരും ദൈവമാതാവാകാനുള്ള മോഹനസ്വപ്നങ്ങൾ കണ്ടിരിക്കണം. എന്നാൽ പരിശുദ്ധ മറിയം ദൈവമാതാവിന്റെ ദാസിയാകാനായിരിക്കും ആഗ്രഹിച്ചത്. അവൾ രക്ഷകന്റെ ആഗമനത്തിനായി പ്രാർത്ഥിച്ചിരുന്നു. എന്നാൽ, തനിക്ക് ആ ദൈവകുമാരന്റെ മാതാവാകാനുള്ള യോഗ്യതയുണ്ടെന്നു കരുതിയിരുന്നില്ല. പരിശുദ്ധ കന്യകയുടെ എളിമയാണ് ത്രിത്വത്തിലെ രണ്ടാമത്തെ സുതനായ ദൈവത്തെ അവളുടെ പക്കലേക്ക് ആകർഷിച്ചത് എന്നു വിശുദ്ധ അഗസ്തീനോസ് പറയുന്നു. മേരിയുടെ അഗാധമായ എളിമ അവളുടെ കൃതജ്ഞതാലാപം തന്നെ വ്യക്തമാക്കുന്നു.

"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു. ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും" (വി.ലൂക്കാ 1:45-48). പരിശുദ്ധ കന്യക ദൈവത്തെ മഹത്വപ്പെടുത്തുന്നത് സ്തോത്രഗീത സമയത്ത് മാത്രമല്ല അവിടുത്തെ ജീവിതകാലം മുഴുവനും അതു ചെയ്തിരുന്നു. യാഥാർത്ഥ എളിമ എന്നിലാണ് അടങ്ങിയിരിക്കുന്നത് എന്നു മറിയം സ്തോത്രഗീതത്തിലൂടെ വ്യക്തമാക്കുന്നു. ദൈവത്തെയും, നമ്മെയും അറിയുക. ആ യഥാർത്ഥ ജ്ഞാനത്തിന്റെ പ്രകാശത്തിൽ നമുക്ക് ദൈവത്തോടും മറ്റു സൃഷ്ടവസ്തുക്കളോടുമുള്ള ബന്ധത്തിൽ അർഹമായ സ്ഥാനം നൽകുക എന്നതാണ് എളിമ. പരിശുദ്ധ അമ്മ അവളുടെ മഹത്വകാരണം എളിമയാണെന്ന് പ്രഖ്യാപിക്കുന്നു.

"തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" എന്നുള്ള ക്രിസ്തുനാഥന്റെ ദിവ്യവചസ്സുകൾ ദിവ്യജനനി മുൻകൂട്ടി മനസ്സിലാക്കി പ്രാവർത്തികമാക്കുകയാണ്. എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. പരിശുദ്ധ കന്യക ഒരു പ്രവചനം നടത്തുകയാണ്. ആ പ്രവചനം എത്ര സ്വാർത്ഥകമായിരുന്നുവെന്നു തിരുസഭാചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് കാണുവാൻ സാധിക്കും. വിശുദ്ധന്മാർ എല്ലാവരും മറിയത്തെ പ്രകീർത്തിക്കുന്നതിൽ ഉത്സുകരായിരുന്നുവെന്ന്, ക്രിസ്ത്യാനികൾ മാത്രമല്ല, അക്രൈസ്തവരും മറിയത്തെ സ്തുതിക്കുന്നതിൽ തത്പരരായിരുന്നു.

ദൈവമാതാവ് എന്ന ഉന്നതമായ സ്ഥാനത്തേക്ക് അവരോധിതയായെങ്കിലും മേരി നസ്രസിലെ വിനീത കന്യകയായിട്ടാണ് ജീവിച്ചത്. എലിസബത്തിനെ ശുശ്രൂഷിക്കുവാൻ പോകുമ്പോഴും ക്രിസ്തുനാഥന്റെ പിറവിയിലും ഈജിപ്തിലേക്കുള്ള പലായനത്തിലും എല്ലാം മറിയത്തിന്റെ വിനയവും എളിമയും പ്രകാശിതമാകുന്നു. പരിശുദ്ധ മാതാവിന്റെ മക്കളായ നാം അമ്മയെ അനുകരിച്ചു

എളിമയുള്ളവരാകണം. എളിമയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ ഭൂമി അവർ അവകാശമാക്കും എന്നുള്ള ക്രിസ്തുനാഥന്റെ വാക്കുകൾ നമ്മുടെ ജീവിതത്തിലും അന്വർത്ഥമാക്കാം.

### സംഭവം

ഇസ്ലാം മതസ്ഥാപകനായ മുഹമ്മദും, ഖുറാൻ ഭാഷ്യകർത്താവായ കർത്തയും മറ്റനവധി വ്യക്തികളും പരിശുദ്ധ കന്യകയെ സ്തുതിക്കുന്നുണ്ട്. ഇന്ന് വിശ്വവ്യാപകമായ നിത്യസഹായ മാതാവിനോടുള്ള ഭക്തി പ്രസിദ്ധമാണല്ലോ. 1970-ൽ ബാംഗ്ലൂരിലുള്ള നാഷണൽ കാറ്റക്കറ്റിക്കൽ ആൻഡ് ലിറ്റർജിക്കൽ സെന്ററിൽ (National Catechetical and Liturgical Centre) ഒരു പരിപാടി ഉണ്ടായിരുന്നു.

ഈ പരിപാടിയിൽ ഒരു പാഴ്സി, ഒരു ഇസ്ലാം, ഒരു ഹൈന്ദവൻ എന്നീ മൂന്നുപേർ വന്നു അവരുടെ മാനസാന്തര കഥ വിവരിച്ചു. മൂന്നു പേരുടെയും മാനസാന്തരത്തിന് കാരണമായത് പരിശുദ്ധ കന്യകയോടുള്ള ഭക്തിയാണ് എന്നവർ പ്രസ്താവിക്കുകയുണ്ടായി. പ്രത്യേകിച്ചും ഹൈന്ദവന്റെ മാനസാന്തരം ശ്രദ്ധേയമാണ്. അങ്ങനെയിരിക്കുമ്പോൾ അവിടെ ദിവ്യരക്ഷ സഭക്കാരുടെ സെമിനാരിയോട് അനുബന്ധിച്ചുള്ള ദൈവാലയത്തിൽ നിത്യസഹായമാതാവിന്റെ നോവേനയിൽ യാദൃശ്ചികമായി സംബന്ധിക്കുവാനിടയായി.

അയാൾ ബി.എ.ബിരുദം സമ്പാദിച്ചതിനു ശേഷം ജോലിയില്ലാതെ വിഷമിക്കുകയായിരുന്നു. ജോലി കിട്ടുവാൻ വേണ്ടി ഒമ്പതു ദിവസം നോവേനയിൽ സംബന്ധിക്കാമെന്ന് അയാൾ പ്രതിജ്ഞ ചെയ്തു. രണ്ടു ദിവസം നവനാളിനു സംബന്ധിച്ചപ്പോൾ ജോലി കിട്ടി. മാതാവിന്റെ സഹായം ഒന്നുമാത്രമാണ് ഇതിനിടയാക്കിയത് എന്നു അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു. പിന്നീട് കത്തോലിക്കാ വിശ്വാസം സംബന്ധിച്ച് അദ്ദേഹം ധാരാളം അറിവ് നേടി.

1965-ൽ അയാൾ കത്തോലിക്കാസഭയിൽ അംഗമായി. തന്നിമിത്തം അയാൾക്ക് പിതൃസ്വത്തായി അമ്പതിനായിരം രൂപയോളം നഷ്ടപ്പെട്ടു. എനിക്ക് പരിപൂർണമായ സമാധാനവും സംതൃപ്തിയും ലഭിച്ചു. എനിക്ക് സ്വർഗ്ഗീയ മാതാവായ പരിശുദ്ധ കന്യകാമറിയമുള്ളപ്പോൾ ലൗകികസമ്പത്തെല്ലാം നിസ്സാരമാണെന്നാണ് നൂറുകണക്കിന് ആളുകളുടെ മുന്നിൽ അയാൾ പ്രഘോഷിച്ചു.

### വിശുദ്ധ ബർണ്ണർദോസ് ദൈവമാതാവിനെ നോക്കി പ്രാർത്ഥിച്ച ജപം

എത്രയും ദയയുള്ള മാതാവേ! നിന്റെ സങ്കേതത്തിൽ ഓടി വന്നു നിന്റെ ഉപകാര സഹായം അപേക്ഷിച്ചു. നിന്റെ അപേക്ഷയുടെ സഹായത്തെ ഇരന്നവരിൽ ഒരുവനെങ്കിലും നിന്നാൽ കൈവിടപ്പെട്ടു എന്നു ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല എന്നു നീ നിനച്ചു കൊള്ളണമേ. കന്യാവ്രതക്കാരുടെ രാജ്ഞിയായ കന്യകേ! ദയയുള്ള മാതാവേ! ഈ വണ്ണമുള്ള ശരണത്താൽ ഉറച്ചു നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണഞ്ഞു വരുന്നു. നെടുവീർപ്പിട്ടു കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയയുടെ ആഴത്തെ കാത്തുകൊണ്ട് നിന്റെ തിരുമുമ്പിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ! എന്റെ അപേക്ഷയെ ഉപേക്ഷിക്കാതെ ദയാപൂർവ്വം കാത്തുകൊള്ളണമേ. ആമ്മേൻ

### പ്രാർത്ഥന

ദൈവമാതാവായ പരിശുദ്ധ കന്യകയെ, അങ്ങയുടെ വിസ്മയാവഹമായ എളിമയെപ്പറ്റി ചിന്തിക്കുമ്പോൾ ഞങ്ങൾ ലജ്ജിതരാകുന്നു. അങ്ങയുടെയും അങ്ങേ തിരുക്കുമാരന്റെയും എളിമ അനുകരിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. എളിമ വിശുദ്ധിയുടെ അടിസ്ഥാനമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ അഹങ്കാരത്താൽ അവിടുത്തെ ദിവ്യസുതനെ പലപ്പോഴും ദ്രോഹിച്ചിട്ടുണ്ട്. അങ്ങേ സ്നേഹിക്കുന്നതിൽ ഞങ്ങൾ വിമുഖരായിരുന്നു. അവയ്ക്കെല്ലാം പരിഹാരമർപ്പിച്ച് വിശ്വസ്തതാപൂർവ്വം ഈശോയെയും ദൈവമാതാവായ അങ്ങയേയും സ്നേഹിച്ചു സേവിച്ചു കൊള്ളാമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ആമ്മേൻ

ജന്മ പാപമില്ലാതെ ഉത്ഭവിച്ച ശുദ്ധ മറിയമേ! പാപികളുടെ സങ്കേതമേ! ഇതാ നിന്റെ സങ്കേതത്തിൽ ഞങ്ങൾ തേടിവന്നിരിക്കുന്നു. ഞങ്ങളുടെ മേൽ അലിവായിരുന്ന് ഞങ്ങൾക്കു വേണ്ടി നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിച്ചു കൊള്ളണമേ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

O Immaculate Holy Mary, full of compassion for sinners, we fly unto your patronage. Have pity on us and pray for us to your son our Lord Jesus Christ.

1 OF, 1 HM, 1 GB

ജന്മ പാപമില്ലാതെ ഉത്ഭവിച്ച ശുദ്ധ മറിയമേ! പാപികളുടെ സങ്കേതമേ! ഇതാ നിന്റെ സങ്കേതത്തിൽ ഞങ്ങൾ തേടിവന്നിരിക്കുന്നു. ഞങ്ങളുടെ മേൽ അലിവായിരുന്ന് ഞങ്ങൾക്കു വേണ്ടി നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിച്ചു കൊള്ളണമേ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

### ദൈവമാതാവിന്റെ ലുത്തിനിയ

1. കർത്താവേ! അനുഗ്രഹിക്കണമേ,
2. മിശിഹായെ! അനുഗ്രഹിക്കണമേ,
3. കർത്താവേ! അനുഗ്രഹിക്കണമേ,
4. മിശിഹായെ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
5. മിശിഹായെ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
6. ആകാശങ്ങളിലിരിക്കുന്ന ബാവാ തമ്പുരാനേ,

(ഞങ്ങളെ അനുഗ്രഹിക്കണമേ.)

7. ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
8. റൂഹാദക്കുദീശാ തമ്പുരാനേ,
9. എകസ്വരൂപമായിരിക്കുന്ന പരിശുദ്ധ ത്രിത്വമേ,
10. പരിശുദ്ധ മറിയമേ

(ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ)

11. ദൈവകുമാരന്റെ പുണ്യജനനി,

12. കന്യാസ്ത്രീകൾക്കു മകുടമായ നിർമ്മല കന്യകയെ,
13. മിശിഹായുടെ മാതാവേ,
14. ദൈവപ്രസാദവരത്തിന്റെ മാതാവേ,
15. എത്രയും നിർമ്മലയായ മാതാവേ,
16. അത്യന്ത വിരക്തിയുള്ള മാതാവേ,
17. കളങ്കഹീനയായ കന്യാസ്ത്രീയായിരിക്കുന്ന മാതാവേ,
18. കന്യാവ്രതത്തിനു അന്തരം വരാത്ത മാതാവേ,
19. സ്നേഹഗുണങ്ങളുടെ മാതാവേ,
20. അത്ഭുതത്തിനു വിഷയമായിരിക്കുന്ന മാതാവേ,
21. സദുപദേശത്തിന്റെ മാതാവേ,
22. സ്രഷ്ടാവിന്റെ മാതാവേ,
23. രക്ഷിതാവിന്റെ മാതാവേ,
24. വിവേകൈശ്വര്യമുള്ള കന്യകേ,
25. പ്രകാശപൂർണ്ണമായ സ്തുതിക്കു യോഗ്യയായിരിക്കുന്ന കന്യകേ,
26. സ്തുതിപ്രാപ്തിക്കൈശ്വര്യമുള്ള കന്യകേ,
27. വല്ലഭമുള്ള കന്യകേ,
28. കനിവുള്ള കന്യകേ,
29. വിശ്വാസവതിയായിരിക്കുന്ന കന്യകേ,
30. നീതിയുടെ ദർപ്പണമേ,
31. ബോധജ്ഞാനത്തിന്റെ സിംഹാസനമേ,
32. ഞങ്ങളുടെ തെളിവിന്റെ കാരണമേ,
33. ആത്മജ്ഞാന പൂരിത പാത്രമേ,
34. ബഹുമാനത്തിന്റെ പാത്രമേ,
35. അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
36. ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന പനിനീർ കുസുമമേ,
37. ദാവീദിന്റെ കോട്ടയെ,
38. നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയെ,
39. സ്വർണ്ണാലയമേ,
40. വാഗ്ദാനത്തിന്റെ പെട്ടകമേ,
41. ആകാശ മോക്ഷത്തിന്റെ വാതിലേ,
42. ഉഷകാലത്തിന്റെ നക്ഷത്രമേ,
43. രോഗികളുടെ സ്വസ്ഥാനമേ,
44. പാപികളുടെ സങ്കേതമേ,
45. വ്യാകുലൻമാരുടെ ആശ്വാസമേ,
46. ക്രിസ്ത്യാനികളുടെ സഹായമേ,
47. മാലാഖമാരുടെ രാജ്ഞി,
48. ബാവാന്മാരുടെ രാജ്ഞി,
49. ദീർഘദർശികളുടെ രാജ്ഞി,

50. ശ്ലീഹൻമാരുടെ രാജ്ഞി,
51. വേദസാക്ഷികളുടെ രാജ്ഞി,
52. വന്ദനീയൻമാരുടെ രാജ്ഞി,
53. കന്യാസ്ത്രീകളുടെ രാജ്ഞി,
54. സകല പുണ്യവാന്മാരുടെയും രാജ്ഞി,
55. അമലോൽഭവയായിരിക്കുന്ന രാജ്ഞി,
56. സ്വർഗ്ഗാരോപിതയായിരിക്കുന്ന രാജ്ഞി,
57. പരിശുദ്ധ ജപമാലയുടെ രാജ്ഞി,
58. സമാധാനത്തിന്റെ രാജ്ഞി,
59. കർമ്മല സഭയുടെ അലങ്കാരമായിരിക്കുന്ന രാജ്ഞി.

60. ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
    (കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ)
61. ഭൂലോക പാപങ്ങളെ നീക്കുന്ന....
    (കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.)
62. ഭൂലോക പാപങ്ങളെ നീക്കുന്ന.....
    (കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.)

**Let us Pray;**

Mary, Queen of this world and Mother of our Savior, I entrust in your arms the pains and sorrows of our world which is weeping today. I present to you our hearts, with all of the tears and the joys which have been clouded over by the uncertainty in our lives. I bring to you the souls of all who are departing these days. I ask that you continually intercede to your beloved Son for us all. I pray that you may lead us to your Son each day, as you led the disciples, and that we may experience a true healing that can be brought about through love. Dear Mother, keep us safe beneath your mantle and close to our Lord, Jesus Christ. Amen.

## പരിശുദ്ധ ദൈവമാതാവിനോടുള്ള അപേക്ഷ
**Pope's Prayer - adapted (Mal and Eng)**

1. *Mary, refuge of sinners*: Turn your merciful eyes towards those who left this world in pain, their loved ones, those who are sick, their families, and the elderly, pregnent mothers, students and children who are worried and panic.

   പാപികളുടെ സങ്കേതമേ, രോഗഭീതിയിൽ മരണമടഞ്ഞവർക്കും അവരുടെ പ്രിയപെട്ടവർക്കും രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആകുലരായ പ്രായമായവർ, ഗർഭിണികൾ, വിദ്യാർഥികൾ, കുഞ്ഞുങ്ങൾ എന്നിവർക്കും വേണ്ടി പ്രാർത്ഥിക്കണമേ.

HM

2. *Mary, refuge of sinners*: Protect those doctors, nurses, health workers and volunteers who are on the frontline of this emergency, and are risking their lives to save others. Be close to those who assist the sick, the priests and pastoral care givers, and illumine the minds of men and women engaged in scientific research.

   പാപികളുടെ സങ്കേതമേ, ആതുര ശുശ്രൂഷകരും രോഗീപരിപാലനത്തിലേർപ്പെട്ടിരിക്കുന്നവരും അജപാലകരും സേവനസന്നദ്ധരും സുരക്ഷിതരും ആയിരിക്കുവാൻ വേണ്ടി പ്രാർത്ഥിക്കണമേ

   HM

3. *Mary, refuge of sinners*: Stir the conscience of our national leaders, policy makers and researchers to support those lacking the basic necessities of life and may devise scientific, social and economic solutions inspired by farsightedness and solidarity.

   പാപികളുടെ സങ്കേതമേ, രാഷ്ട്രീയാധികാരികളും നേതാക്കളും വിവേകത്തോടും ധൈര്യത്തോടും പ്രവർത്തിക്കുവാനും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും ആയ പരിഹാരമാർഗങ്ങൾ രൂപപെടുത്തുവാനും വേണ്ടി പ്രാർത്ഥിക്കണമേ

   HM

4. *Mary, refuge of sinners*: Help us to realize that we are all members of one great family and to recognize the bond that unites us, so that, we can help to alleviate countless situations of poverty, pain and need.

   പാപികളുടെ സങ്കേതമേ, ഞങ്ങളെല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെപോലെ ജീവിക്കുവാനും പരസ്പരം സഹായിക്കുന്നവരാകുവാനും വേണ്ടി പ്രാർത്ഥിക്കണമേ

   HM

5. *Mary, refuge of sinners*: Make us strong in faith, persevering in service, constant in prayer. Pray that God’s all-powerful hand free us from this terrible pandemic, so that life may serenely resume its normal course.

   പാപികളുടെ സങ്കേതമേ, ഞങ്ങളെല്ലാവരും വിശ്വസത്തിൽ ഉറച്ചവരും ഔദാര്യത്തിൽ ഉത്സുകരും പ്രാർത്ഥനയിൽ സ്ഥിരചിത്തരും ആയിരിക്കുവാനും ദൈവകരുണയാൽ രോഗങ്ങളിൽ നിന്ന് സൗഖ്യം പ്രാപിച്ചു സമാധാനത്തിൽ ജീവിക്കുവാനും വേണ്ടി പ്രാർത്ഥിക്കണമേ

   HM

**സുകൃതജപം / Ejaculatory Prayer** (*3 times*)

വിശുദ്ധിയുടെ വിളനിലമായ മറിയമേ! ഞങ്ങളുടെ ഹൃദയം ഈശോയുടെ തിരുഹൃദയത്തിനനുരൂപമാക്കണമേ.

Mary full of virtues: *make our hearts to the sacred heart of Jesus*